"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - എൻ.സി.സി വകുപ്പ് - എൻ.സി.സി വകുപ്പിലെ ക്ലാർക്ക് ആയ ശ്രീ. തുളസീധരൻ നായർ ജി-യ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച 21.05.2022-ലെ സ.ഉ.(സാധാ)നം.746/2022/ഉ.വി.വ നം. ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച തീയതി പ്രാബല്യത്തിൽ സ്ഥലംമാറ്റം അനുവദിച്ചുകൊണ്ടും അർഹമായ സീനിയോറിറ്റി പുന: സ്ഥാപിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(കൈ) നം.52/2025/HEDN തീയതി,തിരുവനന്തപുരം, 25-01-2025

---

പരാമർശം:-

1 02/12/1991-ലെ സ.ഉ.(പി)നം.36/91/ഉ.ഭ.പ.വ നം. ഉത്തരവ്

2 28.05.2015-ലെ സ.ഉ(അച്ചടി)നം.16/15/ഉ.ഭ.പ.വ നം. ഉത്തരവ്

3 20-06-2015-ലെ സ.ഉ.(പി)നം.19/2015/ഉ.ഭ.പ.വ നം. ഉത്തരവ്

4 എൻ.സി.സി വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ 30.06.2021-ലെ 0151/A2-Est/2019/NCC നം. നടപടിക്രമം

5. 21/05/2022-ലെ സ.ഉ.(സാധാ).നം.746/2022/ഉ.വി.വ നം. ഉത്തരവ്.

6. എൻ.സി.സി വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ 01.07.2022-ലെ 9530/എ3-എസ്റ്റാ/2018/എൻ.സി.സി. നമ്പർ നടപടിക്രമം.

7. സ.ഉ.(അ)നം.6/2022/ഉ.ഭ.പ.വ തീയതി 21/7/2022 ഉത്തരവ്

8. ശ്രീ. തുളസീധരൻ നായർ ജി.-യുടെ 02-09-2022 തീയതിയിലെ അപേക്ഷ.

9. എൻ.സി.സി വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ 01.11.2022-ലെ 7405/എ2-എസ്റ്റാ/LPE/2021/എൻ.സി.സി. നമ്പർ കത്ത്.

10. എൻ.സി.സി വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ 14.06.2024 ലെ 4083/എ2-എസ്റ്റാ/എൻ.സി.സി. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിൽ കൊട്ടാരക്കര 9 കേരള ബറ്റാലിയൻ എൻ.സി.സി ഓഫീസിൽ ഓഫീസ് അറ്റന്റഡന്റ് ഗ്രേഡ് I ആയിരുന്ന ശ്രീ. തുളസീധരൻ നായർ ജി യ്ക്ക് എൻ.സി.സി വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ പരാമർശം (4) നടപടിക്രമം പ്രകാരം ബൈട്രാൻസ്ഫർ മുഖേന ക്ലാർക്ക് തസ്തികയിൽ 8 കേരള ബറ്റാലിയൻ മാവേലിക്കര എൻ.സി.സി ഓഫീസിൽ നിയമനം നൽകിയിരുന്നു. ശ്രീ തുളസീധരൻ നായരുടെ അന്തർ ജില്ലാ സ്ഥലം മാറ്റം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ പരിഗണിച്ച സൈനിക സേവനത്തിനിടയിൽ അംഗഭംഗം സംഭവിച്ച ടിയാന്റെ ഭിന്നശേഷി കണക്കാക്കി ഒരു പ്രത്യേക കേസായി പരിഗണിച്ച് പരാമർശം (1) ഉത്തരവിലെ നിബന്ധനയിൽ ഇളവ് വരുത്തി പരാമർശം (5) പ്രകാരം ആലപ്പുഴ ജില്ലയിലെ മാവേലിക്കര 8 കേരള ബറ്റാലിയൻ എൻ.സി.സി ഓഫിസിൽ നിന്ന് കൊല്ലം ജില്ലയിലേയ്ക്ക് 01.06.2022 തീയതിയിൽ നിലവിൽ വരുന്നതോ സ്ഥലം മാറ്റം മൂലം ഉണ്ടായേക്കാവുന്നതോ ആയ ഒഴിവിൽ അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിയ്ക്കുകയുണ്ടായി. തുടർന്ന്, പരാമർശം (5) ഉ ത്തരവിന്റെ അടിസ്ഥാനത്തിൽ എൻ.സി.സി വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറൽ പരാമർശം (6) നടപടിക്രമം പ്രകാരം കെ.എസ്.&എസ്.എസ്.ആർ ചട്ടം 27(a) 1 പ്രൊവിസോ പ്രകാരം കൊല്ലം ജില്ലയിൽ ഏറ്റവും ജൂനിയറായി പരിഗണിക്കുന്നതാണ് എന്ന വ്യവസ്ഥയിൽ കൊല്ലം ജില്ലയിൽ നിലനിന്നിരുന്ന ഓപ്പൺ വേക്കൻ സിയിൽ ശ്രീ തുളസീധരൻ നായർക്ക് കൊട്ടാരക്കര 9 കേരള ബറ്റാലിയൻ എൻ.സി.സി ഓഫീസിലേക്ക് സ്ഥലം മാറ്റം നൽകിയിരുന്നു.

2. പരാമർശം (7) ഉത്തരവിലെ ഖണ്ഡിക (2)(i)(ii) പ്രകാരം മാതൃ ജില്ലയിലേക്ക് സ്ഥലം മാറ്റം അനുവദിക്കുമ്പോൾ തസ്തിക മാറ്റം നിയമനം ലഭിച്ച തീയതി അടിസ്ഥാനമാക്കിയാണ് സർവ്വീസ് സീനിയോറിറ്റി നിർണയിക്കേണ്ടത് എന്നും മേൽ സാഹചര്യത്തിൽ ബൈട്രാൻസ്ഫർ പ്രൊമോഷൻ ലഭിച്ച തീയതി മുതൽ സീനിയോറിറ്റി കണക്കാക്കണമെന്നും ആവശ്യപ്പെട്ട് കൊണ്ട് ശ്രീ. തുളസീധരൻ നായർ എൻ.സി.സി അഡീഷണൽ ഡയറക്ടർ ജനറൽക്ക് നൽകിയ പരാമർശം (8) അപേക്ഷ എൻ.സി.സി അഡീഷണൽ ഡയറക്ടർ ജനറൽ പരാമർശം (9) പ്രകാരം ശിപാർശ ചെയ്തു സമർപ്പിക്കുകയുണ്ടായി .

3. എൻ.സി.സി വകുപ്പിൽ L.D.C/L.D typist തസ്തികയിലേക്കുള്ള ബൈട്രാൻസ്ഫർ നിയമനം സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിലല്ല നടത്തുന്നതെന്നും, പരാമർശം (3) ഉത്തരവ് പ്രകാരം മേഖലാ അടിസ്ഥാനത്തിൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രസ്തുത ലിസ്റ്റിൽ നിന്നുമാണ് നിയമനം നടത്തുന്നതെന്നും, കൊല്ലം മേഖല ഓഫീസിന്റെ കീഴിൽ തന്നെയാണ് കൊല്ലം ജില്ലയിലെയും ആലപ്പുഴ ജില്ലയിലെയും ഓഫീസുകൾ പ്രവർത്തിക്കുന്നതെന്നും ശ്രീ. തുളസീധരൻ നായർക്ക് ആലപ്പുഴ ജില്ലയിൽ നിന്നും കൊല്ലം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലം

മാറ്റം അനുവദിച്ച സമയത്ത് ബൈട്രാൻസ്ഫർ നിയമനത്തിനായുള്ള ഒഴിവുകൾ ഒന്നും തന്നെ ഇല്ലാതിരുന്നതിനാലാണ്, 9 കേരള ബറ്റാലിയൻ എൻ.സി.സി. കൊട്ടാരക്കരയിൽ നിലനിന്നിരുന്ന ജനറൽ വേക്കൻസിയിൽ നിയമനം നൽകാൻ ഇടയായതെന്നും എൻ.സി.സി. വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറൽ പരാമർശം (10) പ്രകാരം അറിയിച്ചിരുന്നു.

4. ശ്രീ തുളസീധരൻ നായരുടെ പരാമർശം (8) അപേക്ഷ എൻ.സി.സി അഡീഷണൽ ഡയറക്ടർ ജനറൽ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ചു. ശ്രീ തുളസീധരൻ നായർക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കണമെന്ന അപേക്ഷ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചപ്പോൾ എൻ.സി.സി വകുപ്പിലെ ക്ലർക്ക് തസ്തികയിലെ 'ബൈട്രാൻസ്ഫർ' പ്രൊമോഷൻ മേഖലാ അടിസ്ഥാനത്തിലാണെന്നോ ടിയാൻ ജോലി ചെയ്തിരുന്ന ആലപ്പുഴ ജില്ലയും സ്ഥലം മാറ്റം ആവശ്യപ്പെട്ട കൊല്ലം ജില്ലയും ഒരേ മേഖലയായിട്ടാണ് കണക്കാക്കുന്നത് എന്നും എൻ.സി.സി എ.ഡി.ജി റിപ്പോർട്ട് ചെയ്തിരുന്നില്ല. മേൽ സാഹചര്യത്തിൽ ആണ് ശ്രീ.തുളസീധരൻ നായരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാന് പരാമർശം (5) ഉത്തരവ് പ്രകാരം അനുവദിച്ച സ്ഥലം മാറ്റം അന്തർ ജില്ലാ സ്ഥലം മാറ്റമായി കണക്കാക്കാൻ ഇടയായത്.

5. എൻ.സി.സി. വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ പരാമർശം (4) നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. തുളസീധരൻ നായർ ജി.യ്ക്ക് കൊല്ലം മേഖലയുടെ കീഴിൽ വരുന്ന മാവേലിക്കര ബറ്റാലിയൻ യൂണിറ്റിലാണ് ബൈട്രാൻസ്ഫർ പ്രൊമോഷൻ നൽകിയിട്ടുള്ളതും, തുടർന്ന് കൊല്ലം റീജയണിൽ തന്നെയാണ് ടിയാന് സ്ഥലം മാറ്റം അനുവദിച്ചിട്ടുള്ളതുമെന്ന് വ്യക്തമാണ്. കേഡർ സ്ട്രെങ്ത് സംസ്ഥാന തലത്തിൽ കണക്കാക്കുന്ന സന്ദർഭത്തിലാണ് പരാമർശം (2) ഉത്തരവ് ബാധകമാകുന്നത്. മേഖലാ അടിസ്ഥാനത്തിൽ ഇത്തരത്തിൽ തസ്തികമാറ്റം അനുവദിക്കുന്ന എൻ.സി.സി വകുപ്പിൽ ശ്രീ.തുളസീധരൻ നായർ.ജി-യ്ക്ക് കൊല്ലം റീജിയണിൽ ഉൾപ്പെട്ട് വരുന്ന മാവേലിക്കര യൂണിറ്റിൽ നിന്നും കൊല്ലം റീജിയണിനുള്ളിൽ തന്നെയുള്ള കൊട്ടാരക്കരയിലേക്ക് നൽകിയിട്ടുള്ള സ്ഥലംമാറ്റം, അന്തർ ജില്ല സ്ഥലം മാറ്റത്തിന്റെ പരിധിയിൽ വരുന്നതായി കണക്കാക്കാനാവില്ല.

6. മേൽ സാഹചര്യത്തിൽ എൻ.സി.സി വകുപ്പിലെ ക്ലാർക്ക്, ശ്രീ. തുളസീധരൻ നായർക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച പരാമർശം (5) ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും എൻ.സി.സി, കൊല്ലം മേഖലയുടെ കീഴിൽത്തന്നെയുള്ള കൊട്ടാരക്കരയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച തീയതി പ്രാബല്യത്തിൽ സ്ഥലംമാറ്റം അനുവദിച്ചു കൊണ്ടും

കൊല്ലം മേഖലയ്ക്കുള്ളിൽ തന്നെ നടത്തിയ സ്ഥലംമാറ്റമായി കണക്കാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ശ്രീ. തുളസീധരൻ നായർക്ക് അർഹമായ സീനിയോറിറ്റി അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
UMA DEVI L D
ജോയിന്റ് സെക്രട്ടറി

അഡീഷണൽ ഡയറക്ടർ ജനറൽ, എൻ.സി.സി., തിരുവനന്തപുരം.

ശ്രീ.തുളസീധരൻ നായർ ജി, ക്ലാർക്ക്, 9 കേരള ബറ്റാലിയൻ കൊട്ടാരക്കര എൻ.സി.സി ഓഫീസ്, കൊല്ലം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) /(എ&ഇ), കേരളം,

തിരുവനന്തപുരം.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശം ബി) വകുപ്പ് (08.04.2024-ലെ ADV-B3/68/2024-PandARD നം.കുറിപ്പ്)

പൊതുഭരണ(എസ്.സി) വകുപ്പ് (22.01.2025-ലെ ഇനം നം.2645)

ഐ&പി.ആർ.ഡി(വെബ് & ന്യൂ മീഡിയ)

www.highereducation.kerala.gov.in

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Omkumar H S
സെക്ഷൻ ഓഫീസർ
Date: 25-01-2025 17:00:36

പകർപ്പ് :
ബഹു.ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
ഉന്നത വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 22-01-2025

ഫയൽ നം. എ2/283/2022/എച്ച്.ഇ.ഡി.എൻ. ഇനം നം: 2645

വിഷയം : ഉന്നതവിദ്യാഭ്യാസ വകുപ്പ് - എൻ.സി.സി. വകുപ്പിൽ ബൈട്രാൻസ്ഫർ മുഖേന ക്ലർക്ക് തസ്തികയിൽ നിയമിതനായ ശ്രീ. തുളസീധരൻ നായർക്ക് തസ്തികമാറ്റം ലഭിച്ച തീയതി പ്രാബല്യത്തിൽ സീനിയോറിറ്റി അനുവദിച്ചു നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

23/1

ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.

JS(A)

v. urgent
US(A)
23/1/25

2645

# കേരള സർക്കാർ

## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | എ 2/283/2022-എച്ച്.ഇ.ഡി.എൻ |
| 2. | വകുപ്പ് | : | ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ് |
| 3. | വിഷയം | : | എൻ.സി.സി വകുപ്പിൽ ബൈട്രാൻസ്ഫർ മുഖേന ക്ലർക്ക് തസ്തികയിൽ നിയമിതനായ ശ്രീ തുളസീധരൻ നായർക്ക് തസ്തികമാറ്റം ലഭിച്ച തീയതി പ്രാബല്യത്തിൽ സീനിയോറിറ്റി അനുവദിച്ചു നല്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽസമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 01.11.2024 |
| 5. | (1)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഇല്ല |
| | (2)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾകൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്<br>ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ഉമാദേവി എൽ ഡി |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ഇഷിത റോയ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 11/12/2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | | ശ്രീമതി. ശാരദാ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 19/12/2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ഡോ. ആർ ബിന്ദു |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 17/01/2025 |
| 14. | കുറിപ്പിന്റെ അംഗീകരിച്ച പകർപ്പുകൾ സമർപ്പിച്ച തീയതി | : | 20/01/2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

എൻ.സി.സി വകുപ്പിൽ ബൈട്രാൻസ്ഫർ മുഖേന ക്ലർക്ക് തസ്തികയിൽ നിയമിതനായ ശ്രീ. തുളസീധരൻ നായർക്ക് തസ്തികമാറ്റം ലഭിച്ച തീയതി പ്രാബല്യത്തിൽ സീനിയോറിറ്റി പുനസ്ഥാപിച്ച് നല്കണമെന്ന അപേക്ഷ സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. കൊല്ലം ജില്ലയിൽ കൊട്ടാരക്കര 9 കേരള ബറ്റാലിയൻ എൻ.സി.സി ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് I ആയിരുന്ന ശ്രീ. തുളസീധരൻ നായർ ബൈട്രാൻസ്ഫർ മുഖേന ക്ലാർക്ക് തസ്തികയിൽ 8 കേരള ബറ്റാലിയൻ മാവേലിക്കര ഓഫീസിൽ നിയമിതനായി. തുടർന്ന് ടിയാന്റെ ഭിന്നശേഷി കണക്കാക്കി ഒരു പ്രത്യേക കേസായി പരിഗണിച്ച് 21/05/2022-ലെ സ.ഉ.സാധാ.നം.746/2022/ഉ.വി.വ ഉത്തരവ് പ്രകാരം 2/12/1991-ലെ G.O(P)No.36/91/P&ARD ഉത്തരവ് പ്രകാരമുള്ള നിബന്ധനയിൽ ഇളവ് വരുത്തി ടിയാന് കൊല്ലം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിച്ചു. 21/05/2022-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എൻ.സി.സി വകുപ്പ് എ.ഡി.ജി യുടെ 1/7/2022-ലെ നടപടിക്രമം പ്രകാരം KS&SSR ചട്ടം 27(a)1 പ്രൊവിസോ പ്രകാരം കൊല്ലം ജില്ലയിൽ ഏറ്റവും ജൂനിയറായി പരിഗണിക്കുന്നതാണ് എന്ന വ്യവസ്ഥയിലാണ് കൊല്ലം ജില്ലയിൽ നിലനിന്നിരുന്ന ഓപ്പൺ വേക്കൻസിയിൽ ടിയാന് കൊട്ടാരക്കര 9 കേരള ബറ്റാലിയൻ എൻ.സി.സി ഓഫീസിലേക്ക് സ്ഥലം മാറ്റം നൽകിയിരുന്നത്.

3. സ.ഉ.(അ)നം.6/2022/ഉ.ഭ.പ.വ തീയതി 21/7/2022 ഉത്തരവ് ഖണ്ഡിക (2)(i)(ii) പ്രകാരം മാതൃ ജില്ലയിലേക്ക് സ്ഥലം മാറ്റം അനുവദിക്കുമ്പോൾ തസ്തിക മാറ്റം നിയമനം ലഭിച്ച തീയതി അടിസ്ഥാനമാക്കിയാണ് സർവ്വീസ് സീനിയോറിറ്റി നിർണയിക്കേണ്ടത് എന്നും മേൽ സാഹചര്യത്തിൽ ബൈട്രാൻസ്ഫർ പ്രൊമോഷൻ ലഭിച്ച തീയതി മുതൽ സീനിയോറിറ്റി കണക്കാക്കണമെന്നും ആവശ്യപ്പെട്ട് കൊണ്ട് ശ്രീ. തുളസീധരൻ നായർ വകുപ്പ് തലവന് അപേക്ഷ നല്കുകയുണ്ടായി.

4. ശ്രീ. തുളസീധരൻ നായരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 21.07.2022 തീയതിയിലെ സ.ഉ.(അ)6/2022/ഉഭപവ നമ്പർ ഉത്തരവിന്റെ (ഖണ്ഡിക (2) (i) (ii) പ്രകാരം സീനിയോരിറ്റി പുനർനിർണ്ണയിക്കേണ്ടതുണ്ടോ എന്നതിൻമേൽ സ്പഷ്ടീകരണം നൽകണമെന്ന് എൻ.സി.സി. വകുപ്പ് എ.ഡി.ജി. അഭ്യർത്ഥിച്ചു.

5. എൻ.സി.സി വകുപ്പിൽ L.D.C/L.D typist തസ്തികയിലേക്കുള്ള ബൈട്രാൻസ്ഫർ നിയമനം സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിലല്ല നടത്തുന്നതെന്നും, 20-06-2015-ലെ സ.ഉ.(പി)നം.19/2015/ഉഭപവ നമ്പർ ഉത്തരവ് പ്രകാരം മേഖലാ അടിസ്ഥാനത്തിൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രസ്തുത ലിസ്റ്റിൽ നിന്നുമാണ് നിയമനം നടത്തുന്നതെന്നും, കൊല്ലം മേഖല ഓഫീസിന്റെ കീഴിൽ തന്നെയാണ് കൊല്ലം ജില്ലയിലെയും ആലപ്പുഴ ജില്ലയിലെയും ഓഫീസുകൾ പ്രവർത്തിക്കുന്നതെന്നും ശ്രീ. തുളസീധരൻ നായർക്ക് ആലപ്പുഴ ജില്ലയിൽ നിന്നും കൊല്ലം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിച്ച സമയത്ത് ബൈട്രാൻസ്ഫർ നിയമനത്തിനായുള്ള ഒഴിവുകൾ ഒന്നും തന്നെ ഇല്ലായിരുന്നതിനാലാണ്, 9 കേരള ബറ്റാലിയൻ എൻ.സി.സി. കൊട്ടാരക്കരയിൽ നിലനിന്നിരുന്ന ജനറൽ വേക്കൻസിയിൽ നിയമനം നൽകാൻ ഇടയായതെന്നും എൻ.സി.സി. വകുപ്പ് അറിയിച്ചിരുന്നു.

6. മേൽ വിഷയത്തിൽ പി.&എ.ആർ.ഡി വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

*"എൻ.സി.സി. വകുപ്പിലെ താഴ്ന്ന തസ്തികയിൽ നിന്നും ബൈട്രാൻസ്ഫർ പ്രൊമോഷനിലൂടെയുള്ള ക്ലാർക്ക് നിയമനങ്ങൾ എല്ലാം മേഖലാ അടിസ്ഥാനത്തിൽ ആണ് നടത്തിവരുന്നതെന്ന് ഡയറക്ടർ അറിയിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ഇതേ വിഷയവുമായി ബന്ധപ്പെട്ട് അഭിപ്രായത്തിനായി ഭരണവകുപ്പ് മുൻപ് ഫയൽ ലഭ്യമാക്കിയിരുന്ന സാഹചര്യത്തിൽ വകുപ്പിൽ താഴ്ന്ന തസ്തികയിൽ നിന്നും ബൈട്രാൻസ്ഫർ പ്രൊമോഷനിലൂടെയുള്ള ക്ലാർക്ക് നിയമനങ്ങൾ എല്ലാം മേഖലാ*

അടിസ്ഥാനത്തിൽ ആണ് നടത്തിവരുന്നതെന്ന് ഭരണവകുപ്പ് ഫയലിൽ പരാമർശിച്ചിട്ടുണ്ടായിരുന്നില്ല. ടി സാഹചര്യത്തിലാണ് ശ്രീ. തുളസീധരൻ നായർ ജി.യ്ക്ക് തസ്തികമാറ്റം അനുവദിച്ച തീയതി പ്രാബല്യത്തിൽ സീനിയോറിറ്റി അനുവദിച്ച് നൽകുന്നതിന് വ്യവസ്ഥയില്ല എന്ന മുന്നഭിപ്രായം രേഖപ്പെടുത്തി നൽകിയിരുന്നത്. 30.06.2021-ലെ 0151/A2-Est/2019/NCC പ്രകാരമുള്ള എൻ.സി.സി വകുപ്പ് ഡയറക്ടറുടെ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. തുളസീധരൻ നായർ ജി.യ്ക്ക് കൊല്ലം റീജിയണിൽ ഉൾപ്പെട്ട് വരുന്ന മാവേലിക്കര ബറ്റാലിയൻ യൂണിറ്റിലാണ് ബൈട്രാൻസ്ഫർ പ്രൊമോഷൻ നൽകിയിട്ടുള്ളതും, തുടർന്ന് കൊല്ലം റീജയണിൽ തന്നെയാണ് ടിയാന് സ്ഥലം മാറ്റം അനുവദിച്ചിട്ടുള്ളതുമെന്ന് വ്യക്തമാണ്. കേഡർ സ്ട്രെങ്ത് സംസ്ഥാന തലത്തിൽ കണക്കാക്കുന്ന സന്ദർഭത്തിലാണ് 28.05.2015-ലെ സ.ഉ(അച്ചടി) നം.16/15/ഉഭപവ ബാധകമാകുന്നത്. മേഖലാ അടിസ്ഥാനത്തിൽ ഇത്തരത്തിൽ തസ്തികമാറ്റം അനുവദിക്കുന്ന എൻ.സി.സി വകുപ്പിൽ ശ്രീ.തുളസീധരൻ നായർ.ജി-യ്ക്ക് കൊല്ലം റീജിയണിൽ ഉൾപ്പെട്ട് വരുന്ന മാവേലിക്കര യൂണിറ്റിൽ നിന്നും കൊല്ലം റീജിയണിനുള്ളിൽ തന്നെയുള്ള കൊട്ടാരക്കരയിലേക്ക് നൽകിയിട്ടുള്ള സ്ഥലംമാറ്റം, അന്തർ ജില്ല സ്ഥലം മാറ്റത്തിന്റെ പരിധിയിൽ വരുന്നതായി കണക്കാക്കാനാവില്ല. ആയതിനാൽ 21.05.2022-ലെ സ.ഉ(സാധാ)നം.746/2022/ഉ.വി.വ ഉത്തരവ് പുനപരിശോധിക്കേണ്ടതും ടിയാന് ക്ലർക്ക് തസ്തികയിലെ അർഹതപ്പെട്ട സീനിയോറിറ്റി അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."

7. ശ്രീ തുളസീധരൻ നായർക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കണമെന്ന അപേക്ഷ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചപ്പോൾ ഒന്നും തന്നെ എൻ.സി.സി വകുപ്പിലെ Clerk തസ്തികയിലെ 'ബൈട്രാൻസ്ഫർ' പ്രൊമോഷൻ മേഖലാ അടിസ്ഥാനത്തിലാണെന്നോ ടിയാൻ ജോലി ചെയ്തിരുന്ന ആലപ്പുഴ ജില്ലയും സ്ഥലം മാറ്റം ആവശ്യപ്പെട്ട കൊല്ലം ജില്ലയും ഒരേ മേഖലയായിട്ടാണ് കണക്കാക്കുന്നത് എന്നൊന്നും എൻ.സി.സി എ.ഡി.ജി റിപ്പോർട്ട് ചെയ്തിരുന്നില്ല. മേൽ സാഹചര്യത്തിൽ ആണ് തുളസീധരൻ നായരുടെ അപേക്ഷയുടെ

അടിസ്ഥാനത്തിൽ ടിയാന് 21/05/2022-ലെ സ.ഉ.സാധാ നം.746/2022 ഉ.വിവ ഉത്തരവ് പ്രകാരം അനുവദിച്ച സ്ഥലം മാറ്റം അന്തർ ജില്ലാ സ്ഥലം മാറ്റമായി കണക്കാക്കാൻ ഇടയായത്.

8. പി&എ.ആർ.ഡി അഭിപ്രായപ്പെട്ടത് അനുസരിച്ച്, സ.ഉ.സാധാ.നം.746/2022/ഉ.വി.വ തീയതി 21/05/2022 ഉത്തരവിലെ തീരുമാനം പുനഃപരിശോധിക്കുന്നതിനും ശ്രീ.തുളസീധരൻ നായർക്ക് സീനിയോറിറ്റി പുനഃസ്ഥാപിച്ചു നല്കുന്നത് സംബന്ധിച്ചുമുള്ള ഉത്തരവിനുമായി ഫയൽ സമർപ്പിച്ചപ്പോൾ ശ്രീ. തുളസീധരൻ നായർക്ക് അന്തർജില്ല സ്ഥലംമാറ്റം അനുവദിച്ച ഉത്തരവ് റദ്ദുചെയ്യുന്നതിനും അദ്ദേഹത്തിന്റെ പരിതാപകരമായ അവസ്ഥ കണക്കിലെടുത്ത് കൊല്ലം മേഖലയുടെ കീഴിൽതന്നെയുള്ള കൊട്ടാരക്കരയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച തീയതി പ്രാബല്യത്തിൽ സ്ഥലംമാറ്റം അനുവദിക്കാവുന്നതും അതിനനുസൃതമായി സീനിയോരിറ്റി പുനർനിശ്ചയിച്ച നൽകാവുന്നതുമണെന്നും അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ചത് മന്ത്രിസഭായോഗത്തിന്റെ അനുമതിയോടെയായതിനാൽ ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണെന്നും ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

9. ബഹു.മുഖ്യമന്ത്രി പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചു.

## <u>തീരുമാനിക്കേണ്ട വിഷയം</u>

(I) എൻ.സി.സി വകുപ്പിലെ ക്ലാർക്ക്, ശ്രീ. തുളസീധരൻ നായർക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച 21.05.2022 തീയതിയിലെ സ.ഉ.(സാധാ)നം.746/2022/ഉ.വി.വ ഉത്തരവ് റദ്ദ് ചെയ്ത് എൻ.സി.സി, കൊല്ലം മേഖലയുടെ

കീഴിൽത്തന്നെയുള്ള കൊട്ടാരക്കരയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച തീയതി പ്രാബല്യത്തിൽ സ്ഥലംമാറ്റം അനുവദിക്കാമോ?

(II) കൊല്ലം മേഖലയ്ക്കുള്ളിൽ തന്നെ നടത്തിയ സ്ഥലംമാറ്റമായി കണക്കാക്കുന്നതിന്റെ അടിസ്ഥാനത്തിൽ അർഹമായ സീനിയോറിറ്റി അനുവദിക്കാമോ?

GOVERNMENT OF KERALA

(Shri. Pinarayi Vijayan Ministry)

NOTE FOR THE COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1 | File No. | : | A2/283/2022-HEDN |
| 2 | Department | : | Higher Education (A) Department |
| 3 | Subject | | Granting seniority to Sri.Thulaseedharan Nair who was appointed to the post of Clerk through bytransfer in NCC department |
| 4 | Date of Chief Minister's order for placing before the Council | : | 01.11.2024 |
| 5 | (1)Does the case involves financial commitments/implications | : | No |
| | (2) If the answer to the above is in the affirmative whether Finance Department has been consulted and their remarks incorporated in the Council Note | : | No |
| 6 | Are there any Departments concerned with the case and if so, have they been consulted and their remarks incorporated in the note for the Council? | : | Yes<br>Yes |
| 7 | Name of Joint Secretary who submitted the Draft Note | : | Smt. Umadevi L D |
| 8 | Name of Principal Secretary who approved the Draft Note | : | Smt. Ishita Roy |
| 9 | Date of approval of the Draft Note for the Council by the Principal Secretary. | : | 11.12.2024 |
| 10 | Name of Chief Secretary who approved the Draft Note | : | Smt. Sarada Muraleedharan |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 19/12/2024 |
| 12 | Name of Minister who approved the Draft Note | : | Dr. R Bindu |
| 13 | Date of approval of the Draft Note for the Council by the Minister | : | 17/01/2025 |
| 14 | Date of submission of fair copies | : | 20/01/2025 |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and Date of the G.O/letter communicating the decision | : | |

# NOTE FOR COUNCIL OF MINISTERS

This note deals with request to re-fix the seniority of Shri. Thulaseedharan Nair, who was appointed to the post of Clerk through by transfer in the NCC department, with effect from the date of the category change of the post.

2. Shri. Thulaseedharan Nair, who was serving as an Office Attendant Grade I in the Kottarakkara 9 Kerala Battalion NCC Office in Kollam District, was appointed as Clerk through By Transfer and posted in 8 Kerala Battalion Mavelikara office. Subsequently, by considering his disability, he was granted an inter-district transfer to Kollam district in the NCC department as a special case, as per G.O.(Rt)No. 746/2022/HEDN dated 21-05-2022 by relaxing the norms stipulated under G.O.(P)No. 36/91/P&ARD dated 2/12/1991. Based on the Government order dated 21/05/2022, NCC ADG had issued proceedings to transfer Shri. Thulaseedharan Nair to the open vacancy existing in the Kottarakkara 9 Kerala Battalion NCC office as the junior most in Kollam District under the provisions of Rule 27(a)1 of KS&SSR.

3. As per Para (2)(i)(ii) in GO.(P) No. 6/2022/P&ARD dated 21/07/2022, while granting transfer to the home district, the service seniority should be determined based on the date of By Transfer appointment to the new post. In this regard, Shri. Thulaseedharan Nair had submitted a request to the Head of Department, requesting to refix his seniority with effect from the date of his By transfer appointment.

4. Based on Shri. Thulaseedharan Nair's request, the ADG NCC had sought clarification on whether his seniority should be refixed as per the provisions of Para (2)(i)(ii) of the order GO.(P)No. 6/2022/P&ARD dated 21.07.2022.

5. ADG NCC clarified that appointments to the L.D.Clerk/L.D. Typist post through 'by transfer' are not based on the state-level seniority list, but on a regional basis as per the GO.(P)No. 19/2015/P&ARD dated 20-06-2015 and appointments are made from that list. ADG NCC had also reported that the offices in Kollam and Alappuzha districts come under the Kollam region office. When Shri. Thulaseedharan Nair was granted inter-district transfer from Alappuzha to Kollam, he was appointed to the general vacancy that existed in 9 Kerala Battalion NCC, Kottarakkara as there were no vacancies for By Transfer appointments in the Kollam district at that time.

6. The opinion of the P&ARD in this regard is as follows .

"എൻ.സി.സി. വകുപ്പിലെ താഴ്ന്ന തസ്തികയിൽ നിന്നും ബൈട്രാൻസ്ഫർ പ്രൊമോഷനിലൂടെയുള്ള ക്ലാർക്ക് നിയമനങ്ങൾ എല്ലാം മേഖലാ അടിസ്ഥാനത്തിൽ ആണ് നടത്തിവരുന്നതെന്ന് ഡയറക്ടർ അറിയിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ഇതേ വിഷയവുമായി ബന്ധപ്പെട്ട് അഭിപ്രായത്തിനായി ഭരണവകുപ്പ് മുൻപ് ഫയൽ ലഭ്യമാക്കിയിരുന്ന സാഹചര്യത്തിൽ വകുപ്പിൽ താഴ്ന്ന തസ്തികയിൽ നിന്നും ബൈട്രാൻസ്ഫർ പ്രൊമോഷനിലൂടെയുള്ള ക്ലാർക്ക് നിയമനങ്ങൾ എല്ലാം

മേഖലാ അടിസ്ഥാനത്തിൽ ആണ് നടത്തിവരുന്നതെന്ന് ഭരണവകുപ്പ് ഫയലിൽ പരാമർശിച്ചിട്ടുണ്ടായിരുന്നില്ല. ടി സാഹചര്യത്തിലാണ് ശ്രീ. തുളസീധരൻ നായർ ജി.യ്ക്ക് തസ്തികമാറ്റം അനുവദിച്ച തീയതി പ്രാബല്യത്തിൽ സീനിയോറിറ്റി അനുവദിച്ച് നൽകുന്നതിന് വ്യവസ്ഥയില്ല എന്ന മുന്നഭിപ്രായം രേഖപ്പെടുത്തി നൽകിയിരുന്നത്. 30.06.2021-ലെ 0151/A2-Est/2019/NCC പ്രകാരമുള്ള എൻ.സി.സി വകുപ്പ് ഡയറക്ടറുടെ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. തുളസീധരൻ നായർ ജി.യ്ക്ക് കൊല്ലം റീജിയണിൽ ഉൾപ്പെട്ട് വരുന്ന മാവേലിക്കര ബറ്റാലിയൻ യൂണിറ്റിലാണ് ബൈട്രാൻസ്ഫർ പ്രൊമോഷൻ നൽകിയിട്ടുള്ളതും, തുടർന്ന് കൊല്ലം റീജയണിൽ തന്നെയാണ് ടിയാന് സ്ഥലം മാറ്റം അനുവദിച്ചിട്ടുള്ളതുമെന്ന് വ്യക്തമാണ്. കേഡർ സ്ട്രെങ്ത് സംസ്ഥാന തലത്തിൽ കണക്കാക്കുന്ന സന്ദർഭത്തിലാണ് 28.05.2015-ലെ സ.ഉ(അച്ചടി) നം.16/15/ഉഭപവ ബാധകമാകുന്നത്. മേഖലാ അടിസ്ഥാനത്തിൽ ഇത്തരത്തിൽ തസ്തികമാറ്റം അനുവദിക്കുന്ന എൻ.സി.സി വകുപ്പിൽ ശ്രീ.തുളസീധരൻ നായർ.ജി-യ്ക്ക് കൊല്ലം റീജിയണിൽ ഉൾപ്പെട്ട് വരുന്ന മാവേലിക്കര യൂണിറ്റിൽ നിന്നും കൊല്ലം റീജിയണിനുള്ളിൽ തന്നെയുള്ള കൊട്ടാരക്കരയിലേക്ക് നൽകിയിട്ടുള്ള സ്ഥലംമാറ്റം, അന്തർ ജില്ല സ്ഥലം മാറ്റത്തിന്റെ പരിധിയിൽ വരുന്നതായി കണക്കാക്കാനാവില്ല. ആയതിനാൽ 21.05.2022-ലെ സ.ഉ(സാധാ)നം.746/2022/ഉ.വി.വ ഉത്തരവ് പുനപരിശോധിക്കേണ്ടതും ടിയാന് ക്ലർക്ക് തസ്തികയിലെ അർഹതപ്പെട്ട സീനിയോറിറ്റി അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."

7. When the report regarding Shri. Thulaseedharan Nair's request for inter-district transfer was submitted, the ADG NCC did not report that the 'By Transfer' appointment to the Clerk post in the Department was on a regional basis, nor did they mention that Alappuzha district, where he had

worked, and Kollam district, where the transfer was requested, are under the same region. It was under these circumstances that the transfer granted to him, as per G.O.(Rt)No. 746/2022/HEDN dated 21-05-2022, was considered as an inter-district transfer.

8. Based on the opinion of P&ARD, when the file was submitted for orders to re-examine the decision taken vide G.O.(Rt)No. 746/2022/HEdn dated 21-05-2022 and for refixing his seniority, the Chief Secretary suggested to cancel the order granting the inter-district transfer and by considering his pathetic situation, he may be granted transfer to 9 Kerala Battalion NCC, Kottarakkara with effect from the date of his inter-district transfer and also to refix his seniority, accordingly. It is also suggested to seek the approval of Cabinet in this regard, since the eariler decison to grant the inter-district transfer was approved by the Cabinet.

9. The Hon'ble Chief Minister ordered to place matter before the Cabinet.

## **POINTS FOR DECISION**

(I) Whether GO(Rt)No.746/2022/Hedn dated 21.05.2022, granting inter-district transfer to Sri.Thulaseedharan Nair, Clerk, NCC Department may be cancelled and the same may be treated as transfer made within the limit of NCC, Regional office, Kollam?

(ii) Since the inter-district transfer is treated as transfer made within the limit of Regional Office Kollam, whether eligible seniority may be granted to Sri.Thulaseedharan Nair?

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

എൻ.സി.സി. - ആലപ്പുഴ ജില്ലയിലെ മാവേലിക്കര 8 കേരള ബറ്റാലിയൻ എൻ.സി.സി. ആഫീസിലെ ക്ലാർക്ക് ശ്രീ. തുളസീധരൻ നായർ ജി.-ക്ക് കൊല്ലം ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.746/2022/HEDN തീയതി,തിരുവനന്തപുരം, 21-05-2022

---

പരാമർശം:-

1. ശ്രീ. തുളസീധരൻ നായർ ജി.-യുടെ 16.07.2021 തീയതിയിലെ അപേക്ഷ.
2. എൻ.സി.സി വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ 06.09.2021-ലെ 4259/എ3-എസ്റ്റാ/2021/എൻ.സി.സി. നമ്പർ കത്ത്.
3. കൊല്ലം ജില്ലാ കളക്ടറുടെ 28.10.2021-ലെ DCKLM/9417/2021-M6 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എൻ.സി.സി. വകുപ്പിലെ താഴ്ന്ന ശമ്പള സ്കെയിലിലുള്ള ജീവനക്കാരിൽ നിന്നും ബൈട്രാൻസ്ഫർ നിയമന പ്രകാരം, 01-07-2021 തീയതി മുതൽ ആലപ്പുഴ ജില്ലയിലെ മാവേലിക്കര 8 കേരള ബറ്റാലിയൻ എൻ.സി.സി. ആഫീസിൽ ക്ലാർക്കായി നിയമിതനായ ശ്രീ.തുളസീധരൻ നായർ ജി., ടിയാൻ കൊല്ലം ജില്ലയിലെ ചടയമംഗലം വില്ലേജിലെ സ്ഥിര താമസക്കാരനാണെന്നതിനാലും, ടിയാന്റെ ശാരീരിക അവശതകൾ കണക്കിലെടുത്തും, ജോലി സ്ഥലത്തേയ്ക്ക് ദൈനംദിനമുള്ള യാത്ര ലഘൂകരിക്കുന്നതിനുമായി കൊല്ലം ജില്ലയിലുള്ള ഏതെങ്കിലും എൻ.സി.സി. ഓഫീസിലേയ്ക്കോ, 1 കേരള ബറ്റാലിയൻ എൻ.സി.സി. വർക്കല ഓഫീസിലേയ്ക്കോ അന്തർ ജില്ല സ്ഥലം മാറ്റം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ടിയാൻ അപേക്ഷ സമർപ്പിക്കുകയുണ്ടായി. സൈനിക സേവനത്തിൽ നിന്നും 'Invalid Out' ആയി വിരമിച്ച ടിയാന്റെ ശാരീരിക അവശത രേഖപ്പെടുത്തിയിട്ടുള്ള 'Unique Disablility' തിരിച്ചറിയൽ രേഖയും, Kerala Health Services Department സാക്ഷ്യപ്പെടുത്തിയ Disablility Certificate-ന്റെ പകർപ്പും ഹാജരാക്കിയിട്ടുണ്ട്.

2. സൈനിക സേവനത്തിനിടയിൽ അംഗഭംഗം സംഭവിച്ച പൂർവ്വ സൈനികനായ ശ്രീ.തുളസീധരൻ നായരുടെ നിലവിലെ അവസ്ഥ കണക്കിലെടുത്ത് അഞ്ച് വർഷ ചട്ടത്തിൽ ഇളവ് നൽകി, ആലപ്പുഴ ജില്ലയിൽ നിന്നും കൊല്ലം ജില്ലയിലേയ്ക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം നൽകുന്ന വിഷയം അനുഭാവപൂർവ്വം പ്രത്യേക കേസായി പരിഗണിക്കുന്നതിന് എൻ.സി.സി. വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറൽ ശിപാർശ ചെയ്യുകയും കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ 01.06.2022-ന് ഒഴിവ് വരുന്നുണ്ട് എന്ന വിവരം പരാമർശം (2) പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

3. ചടയമംഗലം വില്ലേജിൽ വേലൻമുക്ക് എന്ന സ്ഥലത്തെ സ്ഥിര താമസക്കാരനായ ശ്രീ തുളസീധരൻ നായർ ജി., ആർമി സർവീസിൽ ജോലി നോക്കി വരവെ ജമ്മു കാശ്മീരിൽവച്ചുണ്ടായ അപകടത്തിൽ നട്ടെല്ലിന് ക്ഷതമേൽക്കുകയും, 'മെഡിക്കലി അൺഫിറ്റ്' ആയി 2007-ൽ ആർമി സർവീസിൽ നിന്നും വിരമിക്കുകയും ചെയ്തിട്ടുള്ള വ്യക്തിയാണെന്നും, അപേക്ഷകന്റെ രണ്ടു കൈപ്പത്തിയിലെ വിരലുകൾക്കും അംഗ വൈകല്യമുള്ളതിനാലും, ടിയാൻ ശാരീരികമായി വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്ന വ്യക്തിയായതിനാലും, നിത്യവും 74 കിലോമീറ്റർ ദൂരം മാവേലിക്കരയ്ക്കും തിരിച്ചും യാത്ര ചെയ്യുന്നത് ടിയാനെ സംബന്ധിച്ച് വളരെ ബുദ്ധിമുട്ടുള്ളതാണെന്നും, ടിയാന്റെ ഭാര്യ കൊട്ടാരക്കര വാളകം വാട്ടർ അതോറിറ്റി ഡിവിഷനിലാണ് ജോലി നോക്കുന്നത് എന്നതു കൊണ്ടും, ടിയാന്റെ മകൻ 10-ാം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കുന്നതിനാലും ടിയാന് മാവേലിക്കരയിൽ തങ്ങുന്നത് ബുദ്ധിമുട്ടാണെന്നും, ആയതിനാൽ ശ്രീ.തുളസീധരൻ നായരുടെ അപേക്ഷ ഒരു പ്രത്യേക കേസായി പരിഗണിക്കുന്നതിന് കൊല്ലം ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിട്ടുമുണ്ട്.

4. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഇക്കാര്യം ഒരു പ്രത്യേക കേസായി പരിഗണിച്ച് 02.12.1991-ലെ ജി.ഒ.(പി.)36/91/പി.ആന്റ്.എ.ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരമുള്ള 5 വർഷ നിബന്ധനയിൽ ഇളവു വരുത്തി, ആലപ്പുഴ ജില്ലയിലെ മാവേലിക്കര 8 കേരള ബറ്റാലിയൻ എൻ.സി.സി. ആഫീസിലെ ക്ലാർക്ക് ശ്രീ.തുളസീധരൻ നായർ ജി.-ക്ക് എൻ.സി.സി. വകുപ്പിൽ കൊല്ലം ജില്ലയിൽ 01.06.2022 തീയതിയിൽ നിലവിൽ വരുന്നതോ, സ്ഥലം മാറ്റം മൂലം ഉണ്ടായേയ്ക്കാവുന്നതോ ആയ ഒഴിവിൽ അന്തർജില്ല സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വേണു വി ഐഎഎസ്
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ ഡയറക്ടർ ജനറൽ, എൻ.സി.സി., തിരുവനന്തപുരം.
ശ്രീ.തുളസീധരൻ നായർ ജി., ക്ലാർക്ക്, 8 കേരള ബറ്റാലിയൻ എൻ.സി.സി.
ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സ്, മാവേലിക്കര, ആലപ്പുഴ. (Through ADG, NCC)
ജില്ലാ കളക്ടർ, കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരളം,
തിരുവനന്തപുരം.
പൊതു ഭരണ (എസ്.സി) വകുപ്പ്. (18.05.2022-ലെ ഇനം നം. 729-ാം പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ്. (വെബ് & ന്യൂമീഡിയ)
www.highereducation.kerala.gov.in
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
Signed by Jayakumar B
Date: 21-05-2022 15:25:28
സെക്ഷൻ ഓഫീസർ.